തമന്ന സിറാജ്

4

ലേഖനം

വിശയം: പരിസ്ഥിതി

...മണ്ണിനെ തൊട്ടറിയാം......

പ്രിയപ്പെട്ട കൂട്ടുക്കാരെ ഈ കോവിഡ് കാലം നമ്മുക്ക് നൽക്കുന്ന പാഠങ്ങൾ അനവധിയാണ് . പ്രകൃതിയെ സ്നേഹിച്ചും തലോടിയും ജീവിച്ചിരുന്ന മനുഷ്യരുടെ തലമുറ അപ്രത്യക്ഷമായി കൊണ്ടിരിക്കുകയാണ്. അതിനാൽ തന്നെ നമ്മുടെ പൂർവീകരിലേക്ക് മടങ്ങേണ്ട സമയം അതിരു കടന്നിരിക്കുന്നു. നമ്മുടെ ഈ കോവിഡ് പ്രതിരോധ കാലം അതിനായി വിനിയോഗിക്കാം. സ്ക്കൂളുകളെല്ലാം അടച്ചിരിക്കുകയാണല്ലോ., ഇത്തിരി സങ്കടം തോന്നിയെങ്കിലും ഇതിനെ നമ്മുക്കൊരവസരമായെടുക്കാം.

ഞാനും എൻ്റെ വീട്ടുക്കാരും ഈ ലോക്ക്ഡൗൺ കാലത്തെ എങ്ങനെയാണ് വിനിയോഗിക്കുന്നത് എന്ന് പറയാം. വലുതായൊന്നുമില്ല! വീട്ടിലേക്കാവശ്യമായ പച്ചക്കറികൾ നമ്മുക്കു തന്നെ ഉണ്ടാക്കിയാലെന്താ എന്ന ആശയത്തിൽ വന്ന ശ്രമമാണ്ട്ടോ .

അതെ ഞാനും എൻ്റെ കൊച്ചനിയനും സഹോദരിമാരും കൂടി ഒരു കൊച്ചടുക്കള തോട്ടമുണ്ടാക്കി.തക്കാളിയും ചീരയും കയപയും പയറും വെണ്ടയും വെള്ളേരിയും ഒക്കെ അടങ്ങിയ ഒരു കൊച്ചു അടുക്കള തോട്ടമുണ്ടാക്കാനുള്ള ശ്രമത്തിലാണ് ഞങ്ങളിപ്പോൾ . ഈയിടെ എന്നെ ഏറ്റവും സന്തോഷിപ്പിച്ച കാര്യമെന്താണെന്നോ, ഞങ്ങൾ നട്ടു നനച്ചു പരിപാലിച്ചതിൽ നിന്നും കുറച്ചു കഴിക്കാൻ ഞങ്ങൾക്കു ഭാഗ്യമുണ്ടായി.ചീരയും പയറും ഞങ്ങളുടെ ഒരു ദിവസത്തെ ഊണിൽ പങ്കാളിയായി.കൂട്ടുകാരെ മണ്ണിനെ തൊട്ടറിഞ്ഞു ജീവിക്കാനുള്ള അവസരമായി നമ്മുക്കി ലോക്ക് ഡൗണിനെ മാറ്റാം........

നന്ദി😁